**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2284** **05-02-2026 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ വിതരണക്കാർക്ക് നൽകേണ്ട കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോയുടെ ഔട്ട് ലെറ്റുകളിൽ മതിയായ സാധനങ്ങൾ ലഭ്യമല്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സപ്ലൈകോ വിതരണക്കാർക്ക് നൽകാനുള്ള കുടിശിക തുക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എ) | വളരെ ചുരുക്കം ചില സന്ദർഭങ്ങളിൽ സപ്ലൈകോയുടെ ചില വിൽപ്പനശാലകളിൽ ഒന്നോ രണ്ടോ സാധനങ്ങൾ ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അധിക വില്പന നടക്കുന്ന ഉത്സവകാലങ്ങളിൽ അപ്രതീക്ഷിത കാരണങ്ങളാൽ സാധനങ്ങൾ ലഭ്യമാകുന്നതിലുള്ള കാലതാമസം സംഭവിക്കാറുണ്ട്. ആയത് സമയബന്ധിതമായി പരിഹിക്കാറുമുണ്ട്. വിതരണക്കാർക്കുള്ള കുടിശ്ശിക നൽകി വരുന്നു.<br><br>2025-26 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 250 കോടി രൂപയും അധിക ധനാനുമതിയായി 80 കോടി രൂപയും ചേർത്ത് ഇതുവരെ ആകെ 330 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക AAY കാർഡ് ഉടമകൾക്ക് സൗജന്യ ഓണകിറ്റ് നൽകുവാനും, വിതരണക്കാർക്കുള്ള കുടിശ്ശിക നൽകുവാനും വിനിയോഗിച്ചിട്ടുണ്ട്. ഇതു കൂടാതെ, സപ്ലൈകോയുടെ വിറ്റുവരവിൽ നിന്നും ലഭിക്കുന്ന തുകയും വിതരണക്കാർക്കു നൽകി വരുന്നുണ്ട്. വിതരണക്കാർക്ക് നല്കുവാനുള്ള കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ